# പരീക്ഷാഹാളിൽ

**ചില, ചുടുവെയിൽ–**
ചോദ്യങ്ങളിലെൻ
ഉൾപൂവിതളുകൾ–
വായി വിതുമ്പവേ,
കുളിരുത്തരം തൂകി
തുയിലുണർത്താറുണ്ട്
തീയിൽ 'കരുത്ത്'–
വിരിയിക്കുമൊരിബ്റാഹീം...
കരളറ്റുവിങ്ങും
ചോരച്ചോദ്യങ്ങൾ തൻ
കണ്ണീരോളച്ചുഴികളിൽ
'തുഴ' തളർന്നുഴറവേ,
കച്ചിത്തുമ്പെറിയാറുണ്ട്
ഒരു 'ജൂദീ'കാറ്റിൻ
സാന്ത്വന സ്പർശങ്ങളും...
ചിറകൊന്നറ്റു
വേച്ചു വേച്ചിഴയും
കിളിതൻ–
'തെളിമാന'ക്കനവി–
നുള്ളുരുക്കും
ചോദ്യക്കുരുക്കുകളിൽ
വഴിമുട്ടി പരുങ്ങവേ,
ഊന്നുവടി,
കനിയാറുണ്ടലകടലും
'കരൾ വഴി' തുറന്നിടു–
മൊരു 'മൂസ'തൻ
'കൈവടി' സ്പന്ദങ്ങളും...
കടുകടുത്ത ചോദ്യ–
ച്ചവിട്ടടികൾ,
സഹനതലങ്ങൾ
കിടിലം കൊള്ളിക്കവേ,
ഉൾക്കാതിൽവന്നു
മന്ത്രിക്കാറുണ്ട്–
'നാഥനുണ്ട് കൂട്ടി'തനെ
ന്നൊരാറ്റൽ മൊഴി–
ത്താഴ്ചകളും...!

**മുഹമ്മദ് കുട്ടി ഇരിമ്പിളിയം**

# കവിത

**വഴങ്ങാത്തത്**
മഴയിൽ കുതിരാത്തത്
തോൽക്കാത്തത്
ഒന്നിലും ലയിക്കാത്തത്
പൊരുതുന്നത്
പൊരുളുള്ളത്
നിറയുന്നത്
ഒടുവിൽ തെളിയുന്നത്

**അശ്റഫ് കല്ലോട്**

# സുജൂദുകളുടെ ആഴങ്ങളിലേക്ക്

**സുഹൃത്തേ,**
ഈ ദേവാലയത്തിന്റെ
നിശ്ശബ്ദതയിൽ നമുക്കിരിക്കാം...
ഒന്നും പകരം ചോദിക്കരുത്
ഇവിടെ കാരുണ്യത്തിന്റെ
അനേകായിരം നദികളൊഴുകുന്നു...
നാമെന്താണെന്ന്
നമ്മെ പഠിപ്പിക്കുന്നതും
ഈ നിശ്ശബ്ദതയാണ്...

സുഹൃത്തേ,
സുജൂദുകളുടെ
ആഴങ്ങളിലേക്കും
അവസാനിക്കാത്ത
തക്ബീറുകളിലേക്കും
ഞാൻ നിന്റെ കൈ പിടിക്കട്ടെ....

**സലീം നടുവണ്ണൂർ**